നടപ്പിലാക്കുന്നതിനായി മിഷൻ 676-ന്റെ പതാകനൗക പദ്ധതിയായ കൃഷിരക്ഷാ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. അധിക കേന്ദ്ര സഹായത്തോടെ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 87.5 കിലോമീറ്റർ ദൂരം സൗരോർജ്ജ കമ്പിവേലികൾ, ആനപ്രതിരോധ മതിലുകൾ, കല്ല് പാകിയ കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള 500 ലക്ഷം രൂപയുടെ പദ്ധതി.

2. നബാർഡ്-ആർ.ഐ.ഡി.എഫ്.-ന്റെ സാമ്പത്തിക സഹായത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വനാതിർത്തികളിൽ 15 കിലോമീറ്റർ കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിനുള്ള 19.38 കോടി രൂപയുടെ പദ്ധതി.

3. കേരളത്തിലെ 13 ജില്ലകളിൽ 692 കിലോമീറ്റർ വനാതിർത്തികളിൽ വന്യജീവി പ്രതിരോധ സംവിധാനം നിർമ്മിക്കുന്നതിനും വന്യജീവി ആക്രമണം തടയുന്നതിനും, കൂടാതെ 5 ദ്രുതപ്രതികരണ സംഘങ്ങളെ (ആർ.ആർ.റ്റി.) നിയോഗിക്കുന്നതിനായുള്ള 259.81 കോടി രൂപയുടെ കൃഷിരക്ഷാ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ മേൽപ്പറഞ്ഞ പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ആനവേട്ടയ്ക്കെതിരെ നടപടി

206 (4541) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആനവേട്ട വർദ്ധിച്ച് വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിലുള്ള എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ആനവേട്ട തടയുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ചില പ്രദേശങ്ങളിൽ ആനവേട്ട നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിലുള്ള 15 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവയിൽ 11 കേസ്സുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ വേട്ട തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

1. കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിച്ച് അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്.

2. വനം-വന്യജീവി കുറ്റകൃത്യങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും, വന്യജീവി സംരക്ഷണ നിയമപ്രകാരം കേസ്സുകളെടുത്ത് കർശന ശിക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു.

3. കുറ്റകൃത്യങ്ങൾ നടക്കാൻ സാദ്ധ്യതയുള്ള പ്രശ്നബാധിത പ്രദേശങ്ങളിൽ ആന്റിപോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും, ജീവനക്കാരെ ഫീൽഡ് പട്രോളിംഗിനായി സജ്ജരാക്കുകയും, അവർക്ക് വാഹനം, വാർത്താവിനിമയ ഉപകരണങ്ങൾ, ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കുകയും ചെയ്തിട്ടുണ്ട്.

4. കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരം നൽകുന്നവർക്ക് പാരിതോഷികം നൽകുന്നു.

5. വന്യജീവി സംരക്ഷണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വനം-വന്യജീവി വകുപ്പുകളുടെ ഏകോപന സമിതി രൂപീകരിച്ച് കർമ്മപദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. അയൽ സംസ്ഥാനങ്ങളുമായുള്ള അതിർത്തി പ്രദേശങ്ങളിലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡൻമാരും സംരക്ഷണ സംബന്ധമായ വിവരങ്ങൾ പരസ്പരം കൈ മാറുകയും സംയുക്ത പട്രോളിംഗ് നടത്തി സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദ മാക്കുന്നതിന് നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

6. ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനായി വനജാഗ്രതാ സമിതികൾ രൂപീകരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

7. വനത്തിന്റേയും, വന്യജീവികളുടേയും സംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് പ്രകൃതി പഠന ക്യാമ്പുകൾ നടത്തുന്നുണ്ട്.

8. അന്തർ സംസ്ഥാന തലത്തിലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുവാൻ ദക്ഷിണേന്ത്യൻ വനം മന്ത്രിമാരുടെ യോഗം 2015 ഓഗസ്റ്റ് 6-ന് കേരളത്തിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly